8823

നം.എച്ച്3/76615/2015/ഡിപിഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 20.11.2015.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-അദ്ധ്യാപിക-വിദ്യാർത്ഥിനികളുടെ വസ്ത്രധാരണ സ്വാതന്ത്ര്യം-സംബന്ധിച്ച്.

സൂചന:- 1) 04/02/2008 ലെ 68725/ജി3/2007/പൊ.വി.വ. നമ്പർ സർക്കാർ സർക്കുലർ.
2) സംസ്ഥാന യുവജന കമ്മീഷൻ ചെയർ പേഴ്സന്റെ 05/10/2015 ലെ 823/എ2/2015/കേ.സം.യു.ക നമ്പർ കത്ത്.

****

കേരളാ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സംസ്ഥാനത്തെ അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും പ്രത്യേക വസ്ത്രധാരാണാരീതി നിഷ്കർഷിച്ചിട്ടില്ലായെങ്കിലും മാറി വരുന്ന സാമൂഹിക വികാസത്തിനനുസരിച്ച് മലയാളിയുടെ വസ്ത്രധാരാണാരീതിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. മുണ്ടും ഷർട്ടും ധരിച്ചിരുന്ന കേരളീയ പുരുഷവേഷം കാലക്രമേണ പാന്റും ഷർട്ടി ലേയ്ക്കും മാറിയതുപോലെ തന്നെ മുണ്ടും വേഷ്ടിയും സാരിയും ബ്ളൗസുമൊക്കെയായിരുന്ന കേരളീയ സ്ത്രീകളുടെ വേഷത്തിലും കാലാനുസൃതമായ മാറ്റത്തിലൂടെ ചുരിദാർ, സാൽവാർ കമ്മീസ് എന്നിങ്ങനെയായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ഈ മാറ്റം അദ്ധ്യാപിക-വിദ്യാർത്ഥിനികളിലു മുണ്ടായതിൽ അസ്വഭാവികതയൊന്നും തന്നെ ആരും ദർശിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് സൂചന (1) പ്രകാരം അദ്ധ്യാപിക-വിദ്യാർത്ഥിനികളുടെ വസ്ത്രധാരാണ രീതിയെ കുറിച്ച് സർക്കുലർ ഇറങ്ങിയിട്ടുള്ളത്. പ്രസ്തുത സർക്കുലറിൽ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ അടക്കമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപികർമാർക്കും വിദ്യാർത്ഥിനികൾക്കും സാരി, ബ്ളൗസ് എന്നിവയ്ക്കു പുറമെ ചുരിദാർ, സാൽവാർ കമ്മീസ് തുടങ്ങിയ വസ്ത്രങ്ങൾ കൂടി അനുവദനീയ മാണെന്ന് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കാർ നിർദ്ദേശം നടപ്പിലാക്കുവാൻ പല വിദ്യാഭ്യാസ സ്ഥാപന മേധാവികളും വിമുഖത കാണിക്കുന്നതായുള്ള പരാതികൾ സർക്കാരിലും സംസ്ഥാന വനിതാ-യുവജന കമ്മീഷനുകളിലും ലഭിച്ചിട്ടുണ്ടെന്നുള്ളത് വളരെയേറെ ഗൗരവകര മായ വിഷയമാണ്.

ഈ സാഹചര്യത്തിൽ സൂചന (1) ലെ സർക്കാർ നിർദ്ദേശം സംസ്ഥാനത്തെ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളടക്കമുള്ള എല്ലാ സ്ഥാപനങ്ങളിലും കർശനമായും പാലിക്കേണ്ടതാണ്. വിദ്യാർത്ഥിനികളുടേയും അദ്ധ്യാപികമാരുടേയും വസ്ത്രധാരണ സ്വാതന്ത്ര്യത്തിൽ ഇടപെടലുകൾ നടത്തി അനാവശ്യ വിവാദങ്ങൾ ഉണ്ടാക്കാതെ അദ്ധ്യയനം മുന്നോട്ടു കൊണ്ടു പോകുവാൻ ശ്രദ്ധിക്കുക. സാരി,ബ്ളൗസ് കൂടാതെ ചുരിദാർ/സാൽവാർ കമ്മീസ് എന്ന വസ്ത്രധാരണ രീതി ഭാരതത്തിന്റേയും സർവ്വോപരി കേരളത്തിന്റേയും പാരമ്പര്യത്തിനും സംസ്കാരത്തിനും അനുയോജ്യമായ രീതിയിലുള്ളതായിരിക്കണം എന്നുള്ള അറിവ് അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും പകർന്നു നൽകുവാനും എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികളും തയ്യാറാകണമെന്നു കൂടി അറിയിച്ചു കൊള്ളുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും ഈ സർക്കുലർ ലഭ്യമാക്കേണ്ടതാണ്.)